# എസ്. പി . എൻ അന്തരിച്ചു

കേരളത്തിലെ പ്രകൃതിസംരക്ഷണപ്രവർത്തകരിൽ മുൻനിരക്കാരിൽ ഒരാളായ മഞ്ചേരി എസ്. പ്രഭാകരൻനായർ അന്തരിച്ചു. സൈലന്റ്‌വാലി പദ്ധതി വിരുദ്ധസമരത്തിലടക്കം ഒട്ടേറെപ്രകൃതിസംരക്ഷണപ്രവർത്തനങ്ങളുടേയും ജനകീയപ്രതിരോധപ്രവർത്തനങ്ങളുടേയും മുഖ്യസംഘാടകനായിരുന്നു. വനസംരക്ഷണസേനയുടെ സംസ്ഥാനകൺവീനർ, ഗ്രാമശാസ്ത്രം, യുറീക്ക മാസികകളുടെ എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. കേരളത്തിലെ മിക്ക വനപ്രദേശങ്ങളും സന്ദർശിച്ച അപൂർവ്വം പേരിൽ ഒരാളാണ്. ഭാരതപ്പുഴ-ചാലിയാർ സംരക്ഷണസമിതിയിലും മാവൂർ സമരം, വിവിധ വനംസംരക്ഷണ സമരങ്ങൾ എന്നിവകളിൽ സജീവമായിരുന്നു. ഒട്ടേറെ കവിതകളുടേയും ലേഖനങ്ങളുടേയും റേഡിയോപരിപാടികളുടേയും കർത്താവാണ്. ഏറെക്കാലം അധ്യാപകനായിരുന്നു. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം പ്രകടിപ്പിച്ച എസ്. പി. എൻ സ്റ്റാൻ എന്ന പേരിൽ സ്റ്റാമ്പ് ശേഖരണം സംബന്ധിച്ചും ചെസ്സുകളികളെ സംബന്ധിച്ചും ഒട്ടേറെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഞ്ചേരിയിലെ അക്ഷരം ബുക്ക്സ്റ്റാളിന്റെ സ്ഥാപകനാണ്.

**ജയപ്രകാശ് നിലമ്പൂർ**